**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1891** **04-02-2026 - ൽ മറുപടിയ്ക്ക്**

**ചങ്ങനാശ്ശേരി കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നുള്ള പുതിയ സർവീസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ജോബ് മൈക്കിൾ** | | **ശ്രീ കെ ബി ഗണേഷ് കുമാർ (ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ചങ്ങനാശ്ശേരി കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്ന് പുതിയതായി ഏതെല്ലാം സർവീസുകളാണ് ആരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ചങ്ങനാശ്ശേരി കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്ന് 06.45 ചങ്ങനാശ്ശേരി-രാജപുരം സൂപ്പർ ഫാസ്റ്റ് (നിലവിൽ കണ്ണൂർ വരെ ഓപ്പറേറ്റ് ചെയ്യുന്നു.), 06.20 ചങ്ങനാശ്ശേരി-കോയമ്പത്തൂർ ഫാസ്റ്റ് പാസഞ്ചർ (നിലവിൽ പാലക്കാട് വരെ ഓപ്പറേറ്റ് ചെയ്യുന്നു.), 07.50 ചങ്ങനാശ്ശേരി-ഏറ്റുമാനൂർ ഓർഡിനറി എന്നീ സർവീസുകൾ പുതുതായി ആരംഭിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഡിപ്പോയിൽ നിന്ന് അമൃത ആശുപത്രിയിലേക്കുള്ള സർവീസ്, ചങ്ങനാശ്ശേരി-ഗുരുവായൂർ സർവീസ് എന്നിവ പുനരാരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ചങ്ങനാശ്ശേരി ഡിപ്പോയിൽ നിന്നുള്ള ഗുരുവായൂർ സർവീസ് പ്രവർത്തന ചെലവ് പോലും ലഭ്യമാകാത്ത സാഹചര്യത്തിൽ നിർത്തിവെച്ചിട്ടുണ്ട്. ചങ്ങനാശ്ശേരി - അമൃതാ ഹോസ്പിറ്റൽ സർവീസിന് കോർപ്പറേഷൻ നിഷ്കർഷിച്ചിട്ടുള്ള പ്രതിദിന ശരാശരി വരുമാനവും പ്രതികിലോമീറ്റർ വരുമാനവും ലഭ്യമാക്കാൻ കഴിയില്ല എന്ന് കാണുന്നതിനാൽ ഇവ പുനരാരംഭിക്കണമെന്ന ആവശ്യത്തിന്മേൽ തുടർനടപടികൾ സ്വീകരിക്കുവാൻ നിർവ്വാഹമില്ല. |
| (സി) | ചങ്ങനാശ്ശേരി ഡിപ്പോയിൽ നിന്ന് ബാംഗ്ലൂർ സർവീസ് ആരംഭിക്കണമെന്ന് അഭ്യർത്ഥിച്ച് നിവേദനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സർവീസ് ആരംഭിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (സി) | നിവേദനം ലഭ്യമായിട്ടില്ല. എങ്കിലും പ്രസ്തുത സർവീസ് സംബന്ധിച്ച അന്വേഷണങ്ങൾ മുൻനിർത്തി ചങ്ങനാശ്ശേരി ഡിപ്പോയിൽ നിന്ന് ബാംഗ്ലൂരിലേയ്ക്ക് വീക്ക് എൻഡ് ആയി സർവീസ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ